LIBRARY ARCHIVES Kerala Legislative Assembly

ചെക്ക് ഡാമുകൾക്ക് ഹൈഡ്രോളിക് ഷട്ടറുകൾ

169(3875) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിന്റെ ചെക്ക് ഡാമുകളിൽ പലപ്പോഴും പലക ഉപയോഗിച്ച് ഷട്ടറുകൾ സ്ഥാപിക്കുന്നത് പലവിധ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് പരിഹരിക്കുന്നതിനായി ചെക്ക് ഡാമുകളിൽ ഹൈഡ്രോളിക് ഷട്ടറുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ചെക്ക്ഡാമുകൾക്ക് ഷട്ടറുകളിൽ പലക ഉപയോഗിക്കുന്നത് സാധാരണയാണ്. മഴക്കാലത്ത് ഷട്ടറുകൾ എളുപ്പത്തിൽ നീക്കം ചെയ്യുന്നതിന് പലക തന്നെയാണ് അനുയോജ്യം. ചെക്ക്ഡാമുകൾക്ക് പരമാവധി 2 മീറ്റർ ഉയരമാണ് നൽകുന്നത്. പലക ഷട്ടറുകൾക്ക് പകരം ഹൈഡ്രോളിക് ഷട്ടറുകൾ സ്ഥാപിക്കുന്നത് സാമ്പത്തികമായും പ്രായോഗികമായും അഭികാമ്യമല്ല. അതുകൊണ്ടുതന്നെ വലിയ റെഗുലേറ്ററുകൾക്ക് മാത്രമാണ് നിലവിൽ ഹൈഡ്രോളിക് ഷട്ടറുകൾ സ്ഥാപിക്കുന്നത്. ചെറിയ ചെക്ക് ഡാമുകളിൽ ഹൈഡ്രോളിക് ഷട്ടറുകൾ സ്ഥാപിക്കുന്നതിനുള്ള ഭാരിച്ച ചെലവും ഷട്ടർ പ്രവൃത്തിപ്പിക്കുന്നതിനുള്ള പ്രായോഗിക പ്രയാസങ്ങളും കണക്കിലെടുത്ത് FRP ഷട്ടറുകളാണ് ഇപ്പോൾ വിഭാവനം ചെയ്യുവരുന്നത്. മരപ്പലകകൾ/FRP ഷട്ടറുകൾ എന്നിവയ്ക്ക് പകരമായി ഹൈഡ്രോളിക് ഷട്ടറുകൾ സ്ഥാപിക്കുന്നതിന് ചെക്ക് ഡാമുകളോട് അനുബന്ധിച്ച് ഷട്ടർ പിയറുകൾ (shutter pier) സ്ഥാപിച്ചാൽ മാത്രമേ സാധ്യമാകുകയുള്ളൂ. തന്മൂലം തടയണകളായി വിഭാവനം ചെയ്യേണ്ട പദ്ധതികൾപോലും റെഗുലേറ്ററുകളായി മാറുകയും ചെയ്യും. കൂടാതെ റെഗുലേറ്ററുകൾ സാധാരണയായി 2 മീറ്ററിനു മുകളിൽ ജലം സംഭരിക്കുന്നതിനാണ് വിഭാവനം ചെയ്യുന്നത്. തടയണയുമായി താരതമ്യപ്പെടുത്തുമ്പോൾ റെഗുലേറ്റർ നിർമ്മാണം ചെലവേറിയതുമാണ്. ആയതിനാൽ 2 മീറ്റർ വരെയുള്ള തടയണകൾക്ക് നിലവിലെ രീതിതന്നെ അവലംബിക്കുന്നതാവും ഉചിതം.

അരുണാപുരം ചെക്ക്ഡാം-കം-ബ്രിഡ്ജ് നിർമ്മാണം

170 (3876) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിലെ അരുണാപുരം ചെക്ക് ഡാം-കം-ബ്രിഡ്ജ് നിർമ്മാണം പുതുതായി ടെൻഡർ ചെയ്തിട്ടുണ്ടോ; പ്രസ്തുത ചെക്ക് ഡാമിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുമോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?